കേരള സർക്കാർ

നം:23058/ഡി.ബി2/08/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്.
തിരുവനന്തപുരം,തീയതി: 6/5/2010

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – സ്ക്കൂൾ കെട്ടിടങ്ങളുടെ വാർഷിക സുരക്ഷിതത്വ പരിശോധന ഫീസ് ഈടാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ–സംബന്ധിച്ച്.

സൂചന:- 1. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20/6/07–ലെ ഡിബി3–1478/07/സി.ഇ/തസ്വഭവ നമ്പർ കത്ത്.
2. കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 13/3/08–ലെ ജെ.എസ് 08– 09 നമ്പർ കത്ത്.

സ്ക്കൂൾ കെട്ടിടങ്ങളുടെ വാർഷിക സുരക്ഷിതത്വ പരിശോധനകൾക്ക് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ഒരു സ്പഷ്ടീകരണം വേണമെന്ന് കോഴിക്കോട് ജില്ലാ പഞ്ചായത്തും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും താഴെ ചേർത്തിരിക്കും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

"തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് ഓഫീസുകളിൽ നിന്നും നൽകുന്ന സേവനങ്ങളുടെ ഭാഗമായി ഈടാക്കുന്ന ഫീസുകൾ പ്രസ്തുത ഓഫീസുകളിൽ റ്റി.ആർ5 രസിതുവഴി സ്വീകരിച്ച് സർക്കാർ അക്കൗണ്ടിലേക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ "0515-00-800-93" മറ്റിനങ്ങൾ എന്ന കണക്ക് ശീർഷകത്തിലും നഗരസഭകളുടെ കാര്യത്തിൽ "0217-60-800-92" മറ്റിനങ്ങൾ എന്ന കണക്ക് ശീർഷകത്തിലും ചെല്ലാൻ വഴി ട്രഷറിയിൽ അടക്കേണ്ടതാണ്."

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽസെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം.

സർക്കുലറിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ജില്ലാതല ഓഫീസർമാർക്കും ലഭ്യമാക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ പഞ്ചായത്ത് , തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ ആലപ്പുഴ
ഇടുക്കി/കോട്ടയം/എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/
കണ്ണൂർ/വയനാട്/കാസർഗോഡ്.
എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷർ
മുഖാന്തിരം)
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും( നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ
മുഖാന്തിരം)
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് : ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്
പകർപ്പ് നൽകാനായി.
എക്സിക്യൂട്ടീവ് ചെയർമാൻ-ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ളിക്ക് റിലേഷൻ ഡയറക്ടർ ( പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയക്ടർ , കില, തൃശ്ശൂർ
പൊതു വിദ്യാഭ്യാ വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ